ഉത്തരം

(എ) നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് കോട്ടയം മുൻസിഫ് കോടതിയിൽ ഒ.എസ്.374/94 നമ്പർ കേസ്സിൽ ഒരു താൽക്കാലിക നിരോധന ഉത്തരവ് ഉണ്ടായിട്ടുള്ളതു കാരണം നിർമ്മാണപ്രവർത്തനങ്ങൾ നിറുത്തിവയ്ക്കേണ്ടിവന്നു.

(ബി)&(സി) മേൽ നിരോധന ഉത്തരവ് ഇപ്പോൾ നീക്കം ചെയ്തിട്ടുണ്ട്. അതിനെതിരായി എതിർകക്ഷി കോട്ടയം സബ് കോടതിയിൽ അപ്പീൽ സ്യൂട്ട് ഫയൽ ചെയ്തിട്ടുണ്ട്.

അപ്പീൽ കേസ്സിൽ നിരോധന ഉത്തരവു നിലവിലില്ലാത്തതിനാൽ വില്ലേജ്ഓഫീസ് കെട്ടിട നിർമ്മാണം തുടർന്നു നടത്തുന്നതിനും, എത്രയും വേഗം പണി പൂർത്തിയാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

88 (2241) ഡെപ്യൂട്ടി തഹസീൽദാർമാരുടെ പ്രൊമോഷൻ

ശ്രീ. കെ.കെ. നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നാണ് നിലവിൽവന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റൂൾസ് പ്രകാരം ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകളും മാനദണ്ഡവും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഡെപ്യൂട്ടി തഹസിൽദാർ, തസ്തികയുടെ ഫീഡർ കാറ്റഗറികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) 19-6-1981-ന് ആവശ്യമായ യോഗ്യതാ പരീക്ഷകൾ പാസ്സാവുകയും വില്ലേജ് അസിസ്റ്റന്റായി നിയമനം ലഭിച്ചവർക്ക് ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിൽ പ്രൊമോഷൻ നിഷേധിക്കുകയും 1-8-1981, 1-3-1982, 17-4-1982 എന്നീ തീയതികളിൽ ലോവർ ഡിവിഷൻ ക്ലാർക്കായി നിയമനം ലഭിച്ചവർക്കും 17-3-1992-ന് അക്കൗണ്ട് ടെസ്റ്റ് ലോവർ പരീക്ഷ പാസ്സായ വില്ലേജ് ആഫീസർമാർക്കും ഡെപ്യൂട്ടി തഹസിൽദാരായി 11-11-99-ന് പ്രൊമോഷൻ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആറ് വർഷം സർവ്വീസ് എന്ന വ്യവസ്ഥ പാലിക്കുമ്പോൾ ഇവരിൽ ആരാണ് സീനിയർ എന്ന് വ്യക്തമാക്കുമോ;

(എഫ്) 10-9-84-ന് മുമ്പ് ടെസ്റ്റ് യോഗ്യതകൾ പാസ്സായിട്ടുള്ള വില്ലേജ് അസിസ്റ്റന്റുമാർക്ക് 1958-ലെ ജനറൽ റൂൾ 28 (ബി.ബി.ബി) പ്രകാരം വില്ലേജ് ഓഫീസർ/സ്പെഷ്യൽ വില്ലേജ് ഓഫീസർ/അഡീഷണൽ വില്ലേജ് ഓഫീസർ തസ്തികയിൽ സീനിയോറിറ്റി നിർണ്ണയിച്ചു ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിൽ പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

((ജി) 4-9-92-ലെ ഉത്തരവ് നമ്പർ (എം.എസ്) നമ്പർ 360/92/റവന്യൂ എന്ന സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) കേരള ഹൈക്കോടതിയുടെ റിട്ട് അപ്പീൽ നമ്പർ 162/1991-ന്റെ 6-4-1995-ലെ വിധി പ്രകാരം (പാരഗ്രാഫ് 14) വില്ലേജ് ജീവനക്കാർക്ക് പ്രൊമോഷനിൽ അവസര സമത്വം നൽകണമെന്ന ഉത്തരവ് നടപ്പിലാക്കുമോ?

ഉത്തരം

(എ) 16-6-80-ലെ സർക്കാർ ഉത്തരവ് (ബി) നം.852/80/ആർ.ഡി. പ്രകാരം 25-9-1962 മുതൽ മുൻകാല പ്രാബല്യത്തോടെ കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് നിലവിൽ വന്നു.

(ബി) ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം ലഭിക്കുന്നതിന് താഴെ പറയുന്ന യോഗ്യതകൾ ആർജിച്ചിരിക്കണം.

1. എസ്.എസ്.എൽ.സി.യിൽ കുറയാത്ത വിദ്യാഭ്യാസ യോഗ്യത.

2. റവന്യൂ ടെസ്റ്റ് (തിരുവിതാംകൂർ) അഥവാ കൊച്ചി അഥവാ മലബാർ.

3. അക്കൗണ്ട് ടെസ്റ്റ് ലോവർ അഥവാ സബോർഡിനേറ്റ് ഉദ്യോഗസ്ഥർക്കുള്ള മദ്രാസ് അക്കൗണ്ട് ടെസ്റ്റിന്റെ ഒന്നാം ഭാഗം.

4. ജില്ലാ ഓഫീസേഴ്സ് മാന്വൽ ടെസ്റ്റ്.

5. എൽ.ഡി. ക്ലാർക്കിൽ കുറയാത്ത തസ്തികയിൽ 6 വർഷത്തെ തൃപ്തികരമായ സേവനം അതിൽ കുറഞ്ഞത് 2 വർഷമെങ്കിലും യു.ഡി. ക്ലാർക്ക് തസ്തികയിലെ സേവനമായിരിക്കണം.

(സി) ഹെഡ് ക്ലാർക്ക്/ഹെഡ് അക്കൗണ്ടന്റ്/ഫർക്കറവന്യൂ ഇൻസ്പെക്ടർ/സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ, യു.ഡി. ക്ലാർക്ക്/ വില്ലേജ് ഓഫീസർ എന്നിവയാണ് ഡെപ്യൂട്ടി തഹസിൽദാർ തസ്തികയുടെ ഫീഡർ കാറ്റഗറികൾ.

(ഡി) 10-9-84 വരെ യു.ഡി. ക്ലാർക്ക്/വില്ലേജ് ഓഫീസർ ആയിട്ടുള്ളവർക്കും 17-3-92-ൽ അക്കൗണ്ട് ടെസ്റ്റ് (ലോവർ) പാസ്സായിട്ടുള്ളവർക്കും 1-11-98-ൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തീയതി കണക്കാക്കി 11-11-99-ന് ഡെപ്യൂട്ടി തഹസിൽദാർ പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഇ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 14-9-99-ലെ ഒ.പി. 22276/99-ലെ വിധി പ്രകാരം 10-9-84-ൽ യഥാർത്ഥത്തിൽ തുടരുന്ന തസ്തിക കണക്കാക്കി പ്രൊമോഷൻ നടത്തിവരുന്നതിനാൽ ആറ് വർഷ സർവ്വീസ് വ്യവസ്ഥ ബാധകമാകുന്നില്ല.

(എഫ്) ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ 14-9-99-ലെ ഒ.പി. 22276/99-ലെ വിധി പ്രകാരം 10-9-84-ൽ യഥാർത്ഥത്തിൽ തുടരുന്ന തസ്തിക അതായത് യു.ഡി. ക്ലാർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസർ, എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് എന്നിവയിൽ ഏത് തസ്തികയിൽ തുടരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള പ്രൊമോഷനുകൾ നൽകി വരുന്നുണ്ട്.

(ജി) 4-9-92-ലെ സ.ഉ. (എം.എസ്) നമ്പർ 360/92/ റവന്യൂവിലെ മാർഗ്ഗ നിർദ്ദേശങ്ങളുടെയും തുടർന്നുള്ള ഹൈക്കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) കേരള ഹൈക്കോടതിയുടെ റിട്ട് അപ്പീൽ നമ്പർ.162/91-ന്റെ 6.4.95-ലെ വിധിയുടെയും തുടർന്നുള്ള കോടതി വിധികളുടെയും അടിസ്ഥാനത്തിൽ വില്ലേജ് ജീവനക്കാർക്ക് പ്രൊമോഷനിൽ അവസര സമത്വം നൽകിയിട്ടുണ്ട്.

89 (2242) റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി തഹസിൽദാർമാരുടെ പ്രൊമോഷൻ

ശ്രീ. എം. മുരളി. : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നാണ് നിലവിൽ വന്നത്;

(ബി) പ്രസ്തുത റൂൾസ് പ്രകാരം ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ;

(സി) ഡെപ്യൂട്ടി തഹസിൽദാർ തസ്തികയുടെ ഫീഡർ കാറ്റഗറികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) 19-6-1981-ന് പ്രമോഷൻ ആവശ്യമായ യോഗ്യതാ പരീക്ഷകൾ പാസ്സാവുകയും വില്ലേജ് അസിസ്റ്റന്റായി നിയമനം ലഭിക്കുകയും ചെയ്ത വർക്ക് ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിൽ പ്രമോഷൻ നിഷേധിക്കുകയും 1-8-1981, 1-3-1982, 17-4-1982 എന്നീ തീയതികളിൽ ലോവർ ഡിവിഷൻ ക്ലാർക്കായി നിയമനം ലഭിച്ചവർക്കും 17-3-1992-ന് അക്കൗണ്ട് ടെസ്റ്റ് ലോവർ പരീക്ഷ പാസ്സായ വില്ലേജ് ഓഫീസർമാർക്കും ഡെപ്യൂട്ടി തഹസിൽദാരായി 11-11-99-ന് പ്രമോഷൻ നൽകിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് ആറ് വർഷം സർവ്വീസ് എന്ന വ്യവസ്ഥ പാലിക്കുമ്പോൾ ഇവരിലാരാണ് സീനിയർ എന്ന് വ്യക്തമാക്കുമോ;

(ഇ) 10-9-1984-ന് മുമ്പ് ടെസ്റ്റ് യോഗ്യതകൾ പാസ്സായിട്ടുള്ള വില്ലേജ് അസിസ്റ്റന്റുമാർക്ക് 1958-ലെ ജനറൽ റൂൾ 28 (ബി.ബി.ബി) പ്രകാരം വില്ലേജ് ഓഫീസർ/സ്പെഷ്യൽ വില്ലേജ് ഓഫീസർ/അഡീഷണൽ വില്ലേജ് ഓഫീസർ തസ്തികയിൽ സീനിയോറിറ്റി നിർണ്ണയിച്ചു ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിൽ പ്രമോഷൻ നൽകി അവസരസമത്വം പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) 4-9-92-ലെ സർക്കാർ ഉത്തരവ് നമ്പർ 360/92 റവന്യൂ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) കേരള ഹൈക്കോടതിയുടെ റിട്ട് അപ്പീൽ നമ്പർ 162/1991 ന്റെ 6.4.95 ലെ വിധിപ്രകാരം വില്ലേജ് ജീവനക്കാർക്ക് പ്രമോഷനിൽ അവസരസമത്വം നൽകണമെന്ന് ഉത്തരവ് നടപ്പിലാക്കുമോ?

ഉത്തരം

(എ) 16.6.80-ലെ 852/80/ആർ.ഡി.സർക്കാർ ഉത്തരവ് പ്രകാരം 25-9-62 മുതൽ (ഡെപ്യൂട്ടി തഹസിൽദാർമാരുടെ സ്പെഷ്യൽ റൂൾസ് നിലവിൽവന്നു.

LIBRARY ARCHIVES Kerala Legislative Assembly